മറുഭാഷ

ഡോ രതീഷ് കൃഷ്ണ



മറുഭാഷ

ഡോ രതീഷ് കൃഷ്ണ
(മലയാളം: കവിത)

© 2026, Dr. Ratheesh Krishna

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Local man by the fountain in Bakhchisaray, a painting by Jan Ciągliński (1858–1912). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മറുഭാഷ

1.

ഒരു വെളുപ്പാൻ കാലത്ത്
ആരുടെയോ അഴിഞ്ഞു വീണിരിക്കുന്ന
കരിയിലകളോടൊത്ത്
ഉറുമ്പരിക്കുന്ന ഒരു വിരൽ.

മൂന്ന് ദിവസം കാറ്റു വീശി
മഞ്ഞുകാലമായതുകൊണ്ട്
ഇലകൾ പൊഴിഞ്ഞുകൊണ്ടേയിരുന്ന
ഞാൻ അതെടുത്ത് പോക്കറ്റിലിട്ടു.

"അതാ എന്റെ കൈ പോകുന്നു"വെന്ന്
ആ കുഞ്ഞുവിരൽ വിളിച്ചു
പറഞ്ഞിരുന്നുവെങ്കിൽ
ഉറപ്പായും ആ കൈയ്യ് ഞാൻ അത്
തിരിച്ചു നൽകുമായിരുന്നു.

കുറ്റിക്കാട്ടിലേക്ക് വലിച്ചെറിഞ്ഞ്
ഞാൻ പതിവുപോലെ
വീട്ടിലേക്ക് നടന്നു.

മുറ്റത്ത് വിരലുകൾ ഒന്നും തന്നെയില്ല
പക്ഷേ, മുല്ലച്ചെടിയുടെ താഴെ
തിളക്കമെറ്റ ഒരു കണ്ണ്.

2.

പുറത്ത് മഞ്ഞുവീഴ്ച കൂടുതലാണ് ചുവരുകളിൽ
ചോര പൊടിയുന്നുണ്ട്
അടുക്കളയിൽ ഒരു കാൽപാദം
മുറിഞ്ഞു കിടപ്പുണ്ട്.
ഒരു കുഞ്ഞു പാദസരം
അതിൽ ചുറ്റി കിടക്കുന്നു.
ഞാൻ അതുമായി പിന്നിലേക്കോടി
രാത്രിയിൽ ഞാൻ ഇതെവിടെ കഴിച്ചിടും?

നക്ഷത്രങ്ങൾ കൊരുത്ത
പാവപ്പെട്ടവരുടെ ക്ലബ്ബിലെ പുൽക്കൂട്ടിൽ
അത് വെച്ചു.
മറിയം, അവൾ അവളുടെ
കുഞ്ഞിന് ആ പാദങ്ങൾ
തിരികെ നൽകും.

വളർത്തുമൃഗങ്ങൾ അവരുടെ മരണാനന്തരം
നമ്മളെ കാണാൻ വരുന്നതുപോലെ
ജീർണിച്ച ശരീരാവശിഷ്ടങ്ങൾ, മണങ്ങൾ...

കരിക്കുകളും കുഞ്ഞുങ്ങളുടെ അവയവങ്ങളും
ആകാശങ്ങളിൽ നിന്ന്
ഭൂമിയിൽ നിന്ന്
അഗ്നിക്കിരയാക്കപ്പെട്ട സ്ത്രീപുരുഷന്മാർ
ലെബണനിൽ നിന്ന്
മണിപ്പൂരിയിൽ നിന്ന്...
എന്റെ ചിറക് കുഴഞ്ഞു
ഞാൻ അതുമായി കുറ്റിക്കാടുകളിൽ
ഇഴഞ്ഞു.

ഉറങ്ങൂ
ഉറങ്ങൂ...
അമ്മ പറഞ്ഞു.

എന്റെ പുലി യാതൊരു സന്ദേഹവുമില്ലാതെ
കാൽച്ചുവട്ടിൽ കിടന്നു.
എന്തുകൊണ്ട് അവൻ പ്രതികരിക്കുന്നില്ല;
ആരും പ്രതിഷേധിക്കുന്നില്ല!

3.

പുലർച്ചെ മുറ്റം നിറയെ മുടി.

ചാക്ക് തലയിൽകെട്ടിയ പെൺകുട്ടി
മുറ്റമടിക്കുന്നു. മറ്റൊരു ചാക്കിലേക്ക് അവൾ
മുടി കോരിയിട്ടു കൊണ്ടിരുന്നു.
ഞാൻ ചാക്കിന്റെ വായ തുറന്നു പിടിച്ചു.
അത് തലയിൽ വെച്ചുകൊടുക്കാൻ
അവൾ ആവശ്യപ്പെട്ടു.
അവൾക്ക് പിന്നിൽ ഞാൻ നടന്നു.
വഴിനീളെ മഞ്ഞുപുരണ്ട
തലമുടിച്ചുരുളുകൾ...

"നീ എന്നെക്കുറിച്ച് പാടാത്തതെന്ത്"
അവൾ ചോദിച്ചു.
"നീ കുഞ്ഞുങ്ങളുടെ കരച്ചിൽ
കേൾക്കുന്നുണ്ടോ?"
"ഉണ്ട്" അവൾ പറഞ്ഞു:
"നീ എങ്ങനെ അവശേഷിച്ചു
ആരെ കാത്തിരിക്കുന്നു?"
ഞങ്ങൾ കാറ്റിനൊപ്പം നടന്നു.
"നിനക്ക് മരിക്കണോ"
ചുമടിറക്കിവെച്ച് അവൾ ചോദിച്ചു.
അവൾ ചാക്കും മുഖാഭരണവും മാറ്റി
വെയിൽ ഞങ്ങളെ പൊള്ളിച്ചു.
"ഉം..." ഞാൻ പ്രതിവചിച്ചു.

അവൾ എന്റെ മുറിവുകളിൽ തൊട്ടു
വേദനക്കായി പരിണമിക്കുന്ന
ജീവിയാണ് മനുഷ്യൻ.
അവൾ എന്റെ മുഖം ചേർത്തുപിടിച്ചു
"എന്റെ പ്രിയനേ..." അത്രമേൽ
മധുരിതമായി ആരുമെന്നെ വിളിച്ചിരുന്നില്ല.
"നിന്നെ ആർക്ക് കൊല്ലുവാനാകും"
ഉണങ്ങിയ കുറ്റിക്കാട്ടിലൂടെ
അവൾ ഓടിപ്പോയി.
അവളുടെ സ്പർശനമേറ്റ ഇടങ്ങളിൽ
കാട്ടുപൂക്കൾ മണത്തു.
കൊച്ചു മാലാഖമാരെപ്പോലെ
പച്ചപ്പുല്ല് കിളിർത്തു.

4.

"സാറേ ഒരു കവി വന്നിരിക്കുന്നു"വെന്ന്
പോലീസുകാരി പറഞ്ഞു.
ഞാൻ എസ് ഐയുടെ മുറിയിലേക്ക് കടന്നു.
"എഴുതുവാനുള്ള ലൈസൻസ് ഉണ്ടോ"
അയാൾ ചോദിച്ചു.
ഞാൻ അത് കാണിച്ചു കൊടുത്തു;
മുഷിഞ്ഞ ഒരു തുണ്ട് കടലാസ്.
പിന്നിപ്പോയ ഭാഗം പശയൊട്ടിച്ച്
അയാൾ തിരികെ തന്നു.

ഒരു പോലീസുകാരൻ
കടലാസും പേനയും
എന്റെ മുന്നിൽ വെച്ചു മരവുരിയെക്കുറിച്ചും
പുഷ്പകവിമാനത്തെക്കുറിച്ചും സമവൃത്തത്തിൽ
ഒരു കവിതയെഴുതാൻ ആവശ്യപ്പെട്ടു.
"ഞാൻ എഴുതുന്ന കവിയല്ല സാർ"
വസന്തതിലകത്തിൽ ചില വരികൾ
ചൊല്ലാൻ ആവശ്യപ്പെട്ടു.

"കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നു
പാവങ്ങൾ കൊല്ലപ്പെടുന്നു"
"തെളിവുണ്ടോ?"
ഞാൻ പോക്കറ്റിലെ വിരലിൽ
പതുക്കെ തൊട്ടു.
അത് പുറത്തെടുത്താൽ ഇസ്രായേലിന്റെ
മുഴുവൻ കുറ്റവും എന്റെ തലയിൽ
അടിച്ചേൽപ്പിക്കുമെന്ന് എനിക്കറിയാം.

"രാത്രിയിൽ കരച്ചിൽ കേൾക്കുന്നു
സർ" എല്ലാരും നിശബ്ദമായിരുന്നു.
വേദപുരുഷന്റെ പാദങ്ങളെക്കുറിച്ച്
ഞാൻ സ്മരിച്ചു.
ചരന്ദസ്സുകളെ മറവിയിൽ ചികഞ്ഞു നോക്കാൻ
വെറുതെ ശ്രമിച്ചുകൊണ്ടിരുന്നു.

ബൂട്ടിട്ട ഒരു കാൽ എന്റെ
അടിവയറ്റിൽ ആഞ്ഞുപതിച്ചു.
പത്തുവർഷം ഞാൻ കോടതി കയറിയിറങ്ങി.

5.

മരുന്നു തളിക്കാതെ പുല്ലുകൾ
ഉണങ്ങിത്തുടങ്ങി.
പാമ്പുകൾ ചത്തു കിടന്നു.
അയൽക്കാർ അവരുടെ കമ്പി വേലിയിൽ
പടർന്ന കൈപ്പവല്ലരിയുടെ വേരറുത്തു.
സിറ്റൗട്ടിൽ അവരുടെ പെൺപട്ടി
ചോര വീഴുന്നതായറിഞ്ഞ്
അതിന് എലിവിഷം നൽകി
ഗ്രാമം പുരോഗതിയിലേക്ക് എന്ന നോട്ടീസ്
ഇടയ്ക്കിടെ ഇറങ്ങിക്കൊണ്ടിരുന്നു.

മെലിഞ്ഞിരുണ്ട തൊഴിലാളികളോടൊപ്പം
ഞാനും വെയിൽ കൊള്ളാനിറങ്ങി.
ഞങ്ങളുടെ ഗ്രാമം ഒരു
കോൺസെൻട്രേഷൻ ക്യാമ്പാണ്.

പൊരിവെയിലിലെ റോഡ് പണിക്കാർ
കൊടുംമഴയിലെ കൊയ്ത്തുകാർ
നൂറ്റാണ്ടുകളോളം പണിയെടുക്കുന്നവർ
അവർ എവിടെപ്പോയി?

6.

ഉറങ്ങൂ
ഉറങ്ങൂ...
അമ്മ പറഞ്ഞു.

മറുഭാഷ ചൊല്ലി ചൊല്ലി
അജ്ഞാതമായ ഒരു ആശയത്തെ ഉറക്കി;
ഞാൻ ഉണർന്നിരുന്നു.

നനഞ്ഞ പുസ്തകങ്ങൾ
രാത്രിയിൽ ഉണക്കുവാനിട്ടു.
ചോരക്കറയിൽത്തന്നെ കവിത വായിച്ചു.

ഉള്ളം കയ്യിൽ മണ്ണെടുത്ത്
ഞാൻ ഒരു വിത്ത് നട്ടു.
അതിന് ജലവും സ്നേഹവും
സൂര്യപ്രകാശവും നൽകി.
ധ്യാനിക്കുമ്പോൾ ചന്ദ്രികയിൽ അവൾ മുഴുകി.
അവൾ കിളർത്തു.

മനുഷ്യർക്ക് മാത്രം കടിക്കുവാനുള്ള
ജലമേ തരുകയുള്ളൂവെന്ന് അവർ പറഞ്ഞു.
"ഞങ്ങളിൽ മനുഷ്യർ മാത്രമല്ല"
എന്ന് ഞാൻ മുരണ്ടു.
ഞങ്ങളുടെ കിണറുകളിൽനിന്ന്
വെള്ളമെടുക്കാൻ അനുവദിക്കണമെന്ന്
ഞാൻ അപേക്ഷിച്ചു.
അവർ അത് സീൽ ചെയ്തു,
ഒരു പോലീസുകാരനെ കാവൽ നിർത്തി.
കലാപത്തിന് മുതിരുകയാണെങ്കിൽ
കിണറിൽ വിഷം കലക്കുമെന്ന്
അവർ പറഞ്ഞു.
കൈവെള്ളയിലെ മുളച്ച വിത്ത് ഞാൻ
അവർക്ക് കാണിച്ചു കൊടുത്തു...

7.

കഴിഞ്ഞവർഷത്തേക്കാൾ പുകമഞ്ഞ്
ഞങ്ങളുടെ ഗ്രാമത്തെ വിഴുങ്ങി.
തീവ്രമായ പ്രണയത്താലും താന്ത്രിക
വിദ്യകളാലും ഞാൻ എന്റെ യൗവനത്തെ
നിലനിർത്തി.

"ആർക്കുവേണ്ടി എഴുതുന്നു"വെന്ന്
കോടതി ചോദിച്ചു
എനിക്കുവേണ്ടിയെന്നു പറഞ്ഞാൽ
അവരെന്നെ ഭ്രാന്താശുപത്രിയിൽ അടയ്ക്കും.
ജനങ്ങൾക്ക് വേണ്ടിയെന്ന് പറഞ്ഞാൽ
വെടിവെച്ചു കൊല്ലും.
"ആമസോണിലെ മുള്ളൻ
പന്നികൾക്ക് വേണ്ടി"
ഞാൻ പറഞ്ഞു.
അവർ അത് വിശ്വസിച്ചില്ല.
"ഉത്തര ധ്രുവത്തിലെ
കുള്ളൻ ആനകൾക്ക് വേണ്ടി"
ഞാൻ പറഞ്ഞു.
കോടതി ചിരിച്ചു.
എന്നെ ഒരു പോലീസുകാരൻ
പുറത്തേക്കു വലിച്ചെറിഞ്ഞു.

കുന്നിൻപുറത്തെ ഉണങ്ങിയ മരത്തിന്
താഴെ നിന്ന് ഞാൻ കരഞ്ഞു.
ശിവ ഭക്തരുടെ കണ്ണുനീർ ഭൂമിയിൽ
വീഴരുതെന്ന് അമ്മ പറഞ്ഞത്
ഞാൻ ഓർമിച്ചു.
പുറം കൈകൊണ്ട് കണ്ണീർ തടഞ്ഞ്
മറുകൈകൊണ്ട് മരത്തെപ്പുണർന്നു.
ആ അത്തിമരം പൂത്തു; കായ്ച്ചു.

"ദിനോസറുകളുടെ കാലമായിരുന്നു
നല്ലതെ"ന്ന് ഞാൻ വിലപിച്ചു.
വാർദ്ധക്യത്തിൽ എനിക്കുള്ള
കളിപ്പാട്ടങ്ങളുമായി,
അച്ഛൻ വരുന്നത് ഞാൻ കണ്ടു.
സമയമായില്ലെന്ന് ഒരു കിളി
പൂമരത്തിലിരുന്ന് പാടി.
അച്ഛൻ മടങ്ങിപ്പോയി.

എന്റെ വരയൻ പുലിയുടെ
മുരൾച്ച ഞാൻ കേട്ടു.
കാവ്യ പുരോഹിതന്മാരുടെ
സംഘത്തോടൊപ്പം
ഞാൻ ആ കുഞ്ഞു വിരൽ മണ്ണിൽ കുഴിച്ചിട്ടു.

8.

വേദനിക്കുന്നു എന്ന് എഴുതി
ഞാൻ അത് മായ്ച്ചു.
ഇപ്പോൾ അവിടെ ചോരക്കറ മാത്രം.

വേദനിക്കുന്നു
വേദനിക്കുന്നു...
ഭൂമി പറഞ്ഞു.

ഉറങ്ങൂ,
ഉറങ്ങൂ...
അമ്മ പറഞ്ഞു.

ഓടിപ്പോകാൻ ഒരിടവും ഇല്ലാത്തവർക്ക്
വേണ്ടി ഞാൻ ജല്പനങ്ങൾ നടത്തി.
ഏതു കുഞ്ഞിന്റെ വിരലാണതെന്ന്
അന്വേഷിച്ചുപോയ ദൈവം മടങ്ങിയെത്തി.

പ്രവാചകർ മറുഭാഷ ചൊല്ലുന്നത്
എന്തുകൊണ്ടെന്ന് ഞാൻ അറിഞ്ഞു.
ഭാഷയ്ക്ക് ബോധത്തിന്റെ പരിധികളുണ്ട്.
ആഴമേറിയ മുറിവുകളിലേക്ക്
അതിനൊഴുകാൻ കഴിയുന്നില്ല.
അതിനാൽ അജ്ഞാതവും
കാവ്യാത്മകവുമായ
ഒരു മറുഭാഷ ഞങ്ങൾ ചൊല്ലുന്നു.
അത് ഭൂമിയുടെ ആഴങ്ങളിലേക്ക് പോകുന്നു.
ആകാശത്തിന്റെ പരിധികളെ ലംഘിക്കുന്നു.

9.

ഞങ്ങൾക്ക് കടലില്ല.
ഐലൻ തുർക്കിയിലെ
കടൽത്തീരത്ത് മരിച്ചുകിടന്ന ദിവസം
ഞാൻ അമ്മയോട് പൈസ വാങ്ങി
തീവണ്ടിയിൽ നഗരത്തിലേക്ക് തിരിച്ചു.

രാത്രിയിൽ കടൽത്തീരത്തെത്തി
കടൽ ആർത്തലയ്ക്കുന്നു
ഞാൻ അവളെ തെറി വിളിച്ചു
നെഞ്ചുപൊട്ടി നിലവിളിച്ചു

"അവൻ തിരകൾക്കു മീതെ
നടക്കുകയായിരുന്നു
ഇടയ്ക്ക് വഴുതി വീഴാതിരിക്കാൻ
ഞാൻ അവനെ ഉയർത്തിപ്പിടിച്ചു
ഇല്ലാത്ത രാജ്യങ്ങളുടെ ഭാരം
അവനെ ചവിട്ടിത്താഴ്ത്തി"
കടൽ കരഞ്ഞു.

തുറയിലെ പട്ടികൾ കൂട്ടത്തോടെ
കടൽക്കരയിലേക്ക് വന്നു
അവരുടെ യജമാനനെ കണ്ട്
അവർ മണലിൽ കൈകൾ ഉയർത്തി
കിടന്നു. എനിക്ക് അവരെ അഭിവാദ്യം
ചെയ്യാൻ കഴിഞ്ഞില്ല.

തലകനിച്ച് നടന്നു.
വേദനകൊണ്ട് വളഞ്ഞു
ഞാൻ ഒടിഞ്ഞുവീണു
മണലിലേക്ക് മുഖം പൂഴ്ത്തി
കിടന്നു.

കടൽ എനിക്ക് വേണ്ടി മറുഭാഷയിൽ
പ്രാർത്ഥനകൾ ചൊല്ലുന്നു.

10.

ഉണർന്നപ്പോൾ മഞ്ഞുകാലം
അവസാനിച്ചിരുന്നു.

"ശ്രദ്ധിക്കൂ...
നീ നമ്മുടെ പുതിയ വീട്ടിലേക്ക് വരണം"
അമ്മ വിളിച്ചു.
മുഖത്തെ മണൽ തുടച്ചു കളഞ്ഞ്
ഞാൻ കടലിന്റെ പൊൻതിളക്കം
നോക്കിയിരുന്നു.

□

ഡോ . രതീഷ് കൃഷ്ണ



1984-ൽ, പാലക്കാട്, ചിറ്റൂരിലെ നമ്പൂതിരിചള്ളയിൽ ജനനം. അച്ഛൻ: ടി. കൃഷ്ണൻ, അമ്മ: ദേവി ചെമ്പകശ്ശേരി.

ഇക്കണോമിക്സിൽ ബിരുദവും ചിറ്റൂർ ഗവ. കോളജിൽനിന്ന് ഫിലോസഫിയിൽ ബിരുദാനന്തര ബിരുദവും നേടി. കേരള സർവ്വകലാശാലയിൽ തിയേറ്റർ ആർട്സ് ആൻഡ് ഫിലിം ഏസ്റ്ററ്റിക്സ് ഫോർ എഡ്യൂക്കേഷനിൽ എം. ഫിലും പെർഫോമിങ് ആൻഡ് വിഷ്വൽ ആർട്സിൽ ഗവേഷണവും പൂർത്തിയാക്കി.

സാഗരേര ശേഖരാ താരാ മുതോയ് പുരച്ചില (They clasped the roots of the ocean in their hands) A Collection of Malayalam Poems by Dr. Ratheesh Krishna എന്ന പേരിൽ നിലാഞ്ജന ദാസ് ബംഗാളി ഭാഷയിലേക്ക് വിവർത്തനം ചെയ്ത, ആദ്യപുസ്തകം ശാന്തിനികേതനിൽ നിന്നിറങ്ങി. Performance studies-ൽ 'ഉടൽ വിലക്കപ്പെടുമ്പോൾ' (Performance in the Time of Corona) , പ്രോമിത്യൂസിന്റെ കല: നാടകചികിത്സാ ദർശനങ്ങൾ ഒരു പഠനം (2025) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 2024-ൽ, രാമരാജ്യം എന്ന മലയാള കാവ്യസമാഹാരം ഇറങ്ങി. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കവിതകൾ Modern Literature, Kritya, Anàm—A journal of International Writing തുടങ്ങിയ അന്താരാഷ്ട്ര മാഗസിനുകളിലും Blooming in the Moonlight , Bards of a Feather-a Song-a Myth and a Sign എന്നീ കവിതാ സമാഹാരങ്ങളിലും പ്രസിദ്ധീകരിച്ചു. ഹിന്ദി, തെലുഗു, തമിഴ്, സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിൽ കവിതകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

കാടകം, ഒഴിയാതെ എന്നീ സിനിമകളിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചു. സംവിധാനം ചെയ്ത Girl Child's Education എന്ന പരസ്യചിത്രം മലാല യൂസഫ്സായി ഫൌണ്ടേഷൻ At the Last എന്ന ഗ്രൂപ്പിൽ പ്രകാശനം ചെയ്തു. Taboo എന്ന ഹ്രസ്വചിത്രം മാഞ്ചസ്റ്ററിലെ Big Home ഫെസ്റ്റിവലിലും The Eye of the Storm എന്ന ഡോക്യുമെന്ററി ബീറ്റിൽസ് ബാൻഡിന്റെ സ്മരണാർത്ഥം ലിവർപൂളിൽ, Time Tunnel ഫെസ്റ്റിവലിലും പ്രദർശിപ്പിച്ചു.

എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

ratheesh krishna

UPI ID: ratheeshkrishna1947@oksbi

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).

പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.

ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.



അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യുആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യുആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.



സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യുആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014